# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം
**(ഹാജർ : സി.എ.ലത ഐ.എ.എസ്)**

**എൽ.ആർ.(ബി2) –49881/15** **തീയതി : 06/01/2020**

പരാമർശം : ആർ.ആർ ഓൺലൈൻ വെബ്സൈറ്റ് – സംസ്ഥാനതലത്തിൽ മേൽനോട്ടം നിർവഹിക്കുന്നതിന് സ്റ്റേറ്റ് ലെവൽ നോഡൽ ഓഫീസർ, പരിശീലത്തിനായി മാസ്റ്റർ ട്രെയിനർ എന്നിവരെ നിയമിച്ചും, വെബ്സൈറ്റ് സംബന്ധിച്ച സംശയദൂരീകരണത്തിന് ഹെൽപ്പ് ഡെസ്ക്ക് രൂപീകരിച്ചും ഉത്തരവാകുന്നത് – സംബന്ധിച്ച്.

റവന്യൂ റിക്കവറി പ്രവർത്തനങ്ങളിൽ നിലനിന്നിരുന്ന കാലതാമസം ഒഴിവാക്കുന്നതിനും, റിക്കവറി നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി ആർ.ആർ നപടിക്രമങ്ങൾ ഓൺലൈൻ പ്ലാറ്റ് ഫോമിലേക്ക് മാറ്റുവാൻ തീരുമാനിക്കുകയും, സർക്കാർ നിർദ്ദേശ പ്രകാരം തിരുവനന്തപുരം സ്റ്റേറ്റ് എൻ.ഐ.സി ആർ.ആർ ഓൺലൈൻ വെബ്സൈറ്റ് തയ്യാറാക്കുകയും, സംസ്ഥാനമൊട്ടാകെ 01.01.2017 മുതൽ ടി വെബ്സൈറ്റ് നിലവിൽ വരികയും ചെയ്തിട്ടുള്ളതുമാണ്. നിലവിൽ ആർ.ആർ ഓൺലൈൻ വെബ്സൈറ്റ് മുഖാന്തിരമാണ് റവന്യൂ റിക്കവറി നടപടികൾക്കായുള്ള അർത്ഥനകൾ സ്വീകരിച്ച് തുടർനടപടികൾ സ്വീകരിച്ച് വരുന്നത്.

റവന്യൂവകുപ്പിലെ പ്രവർത്തനങ്ങൾ ജില്ലയിൽ ഏകോപിപ്പിക്കുന്നതിനായി ജില്ലാ അഡ്മിനിസ്ട്രേറ്റർമാരെ അതാത് ജില്ലാ കളക്ടർമാർ നിയമിച്ചിട്ടുള്ളതാണ്. എന്നാൽ റവന്യൂ വകുപ്പിലെ മുഴുവൻ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും സ്റ്റേറ്റ് ലെവൽ നോഡൽ ഓഫീസറെയും, ജില്ലാ അഡ്മിനിസ്ട്രേറ്റർമാർക്ക് പരിശീലനം നൽകുന്നതിനായി മാസ്റ്റർട്രെയിനർമാരെയും നിയമിച്ചിട്ടില്ലാത്തതാണ്. കൂടാതെ റവന്യൂ ജീവനക്കാരുടെയും അർത്ഥനാധികാരികളുടെയും ഭാഗത്ത് നിന്ന് ആർ.ആർ ഓൺലൈൻ സംബന്ധിച്ച് ഉടലെടുക്കുന്ന സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ഹെൽപ്പ് ഡെസ്ക്ക് രൂപീകരിക്കേണ്ടതുമുണ്ട്.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉദ്യോഗസ്ഥരെ സ്റ്റേറ്റ് ലെവൽ നോഡൽ ഓഫീസർ, മാസ്റ്റർ ട്രെയിനർ എന്നിവരായി നിയമിച്ചും, ഹെൽപ്പ് ഡെസ്ക്ക് രൂപീകരിച്ചും, സ്റ്റേറ്റ് ലെവൽ നോഡൽ ഓഫീസർ, മാസ്റ്റർ ട്രെയിനർ എന്നിവർക്ക് ആവശ്യമായ ലോഗിൻ വിവരങ്ങൾ, പരിശീലനം എന്നിവ തിരുവനന്തപുരം സ്റ്റേറ്റ് എൻ.ഐ.സി ഉദ്യോഗസ്ഥർ നിർവഹിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | തസ്തിക | മൊബൈൽ നമ്പർ, ഇ–മെയിൽ വിലാസം | |
|---|---|---|---|---|
| 1 | ശ്രീമതി.എ.സുഹ്റ | സീനിയർ സൂപ്രണ്ട്, എൽ.ആർ (ബി) വിഭാഗം, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് | 8078537084 clrb2clerk@gmail.com | സ്റ്റേറ്റ് ലെവൽ നോഡൽ ഓഫീസർ |
| 2 | ശ്രീ.യഗേഷ്.ബി | സീനിയർ ക്ലർക്ക്, ഐ.ടി.സെൽ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് | 9446934794 | സ്റ്റേറ്റ് ലെവൽ മാസ്റ്റർ ട്രെയിനർ |
| 3 | ശ്രീ.സജീഷ്കുമാർ.വി | സീനിയർ ക്ലർക്ക്, എൽ.ആർ (ബി) വിഭാഗം, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് | 9605084244 clrb2clerk@gmail.com | ഹെൽപ്പ് ഡെസ്ക്ക് |

**(ഒപ്പ്)**
**കമ്മീഷണർ**
**ലാൻഡ് റവന്യൂ**

To,

1) ജില്ലാ കളക്ടർമാർക്ക്
2) ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി, തിരുവനന്തപുരം
3) വ്യക്തികൾക്ക്
4) അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ)
5) നോഡൽ ഓഫീസർ, സ്റ്റേറ്റ് ഐ.ടി സെൽ
6) സ്റ്റോക്ക് ഫയൽ

// അംഗീകാരത്തോടെ //

അസിസ്റ്റന്റ് കമ്മീഷണർ (എൽ. ആർ)

Scanned by CamScanner